# വർണദീപ്തി






# ജി.എച്ച്.എസ്. അകലൂർ

20067

പാലക്കാട്

ഒറ്റപ്പാലം

# ചരിത്രത്തിലൂടെ

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിലെ മികച്ച സ്കൂളുകളിൽ ഒന്നാണ് അകലൂർ ഗവ.ഹൈസ്കൂൾ. ഇന്നേക്ക് 99 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു.

1925ൽ അവുഞ്ഞിയിൽ ചാമി എന്ന മഹാനുഭാവൻ തന്റെ സഹോദരിമാർക്കും മക്കൾക്കും വിദ്യാഭ്യാസത്തിനു വേണ്ടി സ്ഥാപിച്ചതാണ് ഈ വിദ്യാലയം . 74 വർഷത്തിനു ശേഷം 1999ൽ ഇദ്ദേഹത്തിന്റെ മകനായ അവുഞ്ഞിയിൽ നാരായണൻ 22 1/2 സെന്റ് സ്ഥലം സ്കൂളിന് സൗജന്യമായി നൽകി. അതിന്റെ ഭാഗമായി നടന്ന തുടർപ്രവർത്തനങ്ങളുടെ ഫലമായി 2003ൽ സ്കൂൾ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് സർക്കാറിലേക്ക് നൽകി. വിവിധ സർക്കാർ ഏജൻസികളുടെ നിരന്തര സഹായത്താൽ ഗവ.സീനിയർ ബേസിക് സ്കൂൾ അകലൂർ 2013ൽ ഗവ.ഹൈസ്കൂൾ അകലൂർ ആയി മാറി.

ഒറ്റപ്പാലം സബ്ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ് അകലൂർ സ്കൂൾ . കുട്ടികളുടെ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ വിദ്യാലയം മുന്നിട്ട് നിൽക്കുന്നു. 2015മുതൽ 2023 വരെ S.S.L.C പരീക്ഷയിൽ ഈ സ്കൂൾ 100% വിജയം കൈവരിച്ചിട്ടുണ്ട് . മികച്ച പഠനാന്തരീക്ഷം ഒരുക്കി കുട്ടികളെ ആകർഷിക്കാൻ സദാ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ധാരാളം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഈ വിദ്യാലയം മികച്ച നേട്ടം കൈവരിച്ചു കൊണ്ടിരിക്കുന്നത്.

സ്കൂളിന്റെ മികവുകൾ പരിഗണിച്ചാണ് 2013-14 അധ്യയനവർഷത്തിൽ വിദ്യാലയം ഹൈസ്കൂളായി ഉയർത്തിയത്. ഇതിനായി അത്യധികം പരിശ്രമിച്ചത് മുൻ. എം.എൽ.എ ശ്രീ എം.ഹംസ അവർകളാണ്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടേയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി സ്കൂളിന് വിവിധ പുരസ്കാരങ്ങൾ നേടാൻ കഴിഞ്ഞു. മികച്ച പി.ടി.എ.ക്കുള്ള അവാർഡ് എസ്.എസ്.എയുടെ സ്കൂൾ സൗന്ദര്യവത്ക്കരണം, സാധന പുരസ്കാരം എന്നിവ അവയിൽ ചിലതാണ് സ്കൂളിന്റെ നല്ല നിലയിലുള്ള പ്രവർത്തനത്തിനായി ജനപ്രതിനിധികൾ അത്യധികം പരിശ്രമിച്ചിട്ടുണ്ട് . ആദ്യകാലങ്ങളിൽ രണ്ട് ഓടിട്ട കെട്ടിടത്തിൽ മാത്രം പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ വിദ്യാലയം ഇന്ന് മെച്ചപ്പെട്ട കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രീ-പ്രൈമറി മുതൽ പത്താംതരം വരെയുള്ള വിദ്യാർത്ഥികൾ അധ്യയനം നടത്തി വരുന്നു. ചുറ്റുമതിലും പഠനവിഭവങ്ങൾ ആലേഖനം ചെയ്ത ഭിത്തികളും IT LAB,Smart classroom എന്നിവയും സ്കൂളിന്റെ ആകർഷണമാണ്. പണ്ട് കുടിവെള്ളത്തിനായി കിണറിനെ മാത്രം ആശ്രയിച്ചിരുന്ന ഈ സ്കൂൾ ഇപ്പോൾ ബോർവെൽ, പഞ്ചായത്ത് വക പൈപ്പ്, തുടങ്ങിയ സൗകര്യങ്ങൾ ഉണ്ട്.

ഈ സ്ഥാപനത്തിൻറെ ഭൗതിക വികസനത്തിന്റെ കാര്യത്തിൽ ത്രിതല പഞ്ചായത്തുകളുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും ജനപ്രതിനിധികളുടെയും സഹകരണം എന്നും ഉണ്ടായിട്ടുണ്ട് അത്തരം തുടർ പ്രവർത്തനങ്ങളുടെയും സഹകരണത്തിന്റെയും ഏറ്റവും നല്ല അനുഭവം ആയി നമുക്ക് എടുത്തു പറയാവുന്ന ഒരു നിർമ്മാണ പ്രവർത്തനത്തിനാണ് 2024 ജനുവരി 17ന് തുടക്കം കുറിച്ചത്.പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 2022- 23 വർഷത്തെ വാർഷിക പ്ലാൻ ഫണ്ടിൽ 1.25 കോടി വകയിരുത്തി നമ്മുടെ സ്കൂളിൻറെ ഭൗതിക വികസനത്തിന് വലിയൊരു പിന്തുണ നൽകിയ ഒറ്റപ്പാലം എംഎൽഎ അഡ്വക്കേറ്റ് കെ പ്രേംകുമാറിന് ഈ സ്കൂളിൻറെ പേരിൽ നന്ദിയും സന്തോഷവും അറിയിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്.



ആർ എം എസ് എ അപ്ഗ്രേഡ് ചെയ്തു ഈ വിദ്യാലയം ഹൈസ്കൂൾ ആക്കി ഉയർത്തിയത് കഴിഞ്ഞ 9 വർഷങ്ങളിലും എസ്എസ്എൽസി നൂറു ശതമാനം വിജയം ലഭിച്ചതോടൊപ്പം ഒട്ടേറെ കുട്ടികൾക്ക് ഫുൾ എ പ്ലസ് എന്ന നേട്ടവും ലഭിക്കുകയുണ്ടായി 2019 -20 ൽ ഏഴു കുട്ടികൾക്കും 2020- 21ൽ ഒൻപത് കുട്ടികൾക്കും 2021- 22 ഇൽ മൂന്നു കുട്ടികൾക്കും 2022 -23 ൽ ആറു കുട്ടികൾക്കും ഫുൾ എ പ്ലസ് ലഭിച്ചു.

അക്കാദമിക നേട്ടങ്ങൾക്ക് പുറമേ കായിക ശാസ്ത്രമേളകളിലും മികവാർന്ന നേട്ടങ്ങൾ നമ്മുടെ കുട്ടികൾക്ക് ലഭിച്ചിട്ടുണ്ട് 20023 -24 വർഷത്തെ ശാസ്ത്രമേളയോടനുബന്ധിച്ച് ഹൈസ്കൂൾ വിഭാഗം സി വി രാമൻ ഉപന്യാസ രചന മത്സരത്തിൽ പത്താം ക്ലാസിലെ കാർത്തിക യു.എം ജില്ലയിൽ ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ പങ്കെടുത്ത എ ഗ്രേഡും നേടുകയുണ്ടായി 2022 -23 വർഷം ഹിന്ദി പദ്യം ചൊല്ലൽ മത്സരത്തിൽ ഉൾപ്പെടെ ഒട്ടേറെ മത്സരങ്ങളിൽ മികവാർന്ന പ്രകടനം നടത്താൻ കാർത്തികക്ക് കഴിഞ്ഞിട്ടുണ്ട് സബ്ജില്ലാ കലോത്സവത്തിൽ എൽ പി യു പി എച്ച് എസ് വിഭാഗങ്ങളും നിരവധിപേർ എ ഗ്രേഡ് നേട്ടം കരസ്ഥമാക്കികായിക അധ്യാപകന്റെ അഭാവവും ഗ്രൗണ്ടിന്റെ പരിമിതികളും മറികടന്നുകൊണ്ട് കായികരംഗത്ത് മികച്ച നേട്ടങ്ങൾ സ്വന്തമാക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയുന്നുണ്ട് പ്രവൃത്തി പരിചയ മേളയിൽ 2022 -23 വർഷം സഞ്ജയ് പി എസ് നിവേദ് എന്നീ കുട്ടികളും ജില്ലാതലത്തിൽ കരസ്ഥമാക്കി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ



നിർദ്ദേശങ്ങൾ ആയും അല്ലാതെയും പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ സ്കൂളിൽ മികച്ച രീതിയിൽ സംഘടിപ്പിക്കാറുണ്ട് കമ്പ്യൂട്ടർ അധിഷ്ഠിതമായ ലിറ്റിൽ കൈറ്റ്സ്, വിവിധ വിഷയങ്ങളും ആയി ബന്ധപ്പെട്ട ക്ലബ്ബുകൾ ഒപ്പം സേവനം സഹജീവനം എന്നത് വാക്കിലും പ്രവർത്തിയിലും പ്രവർത്തികമാക്കുക ഇന്ന് ലക്ഷ്യത്തോടെ സ്കൂൾ സോഷ്യൽ സർവീസ് സ്കീം എന്നീ പ്രവർത്തനങ്ങളിൽ കുട്ടികൾ മികച്ച രീതിയിൽ പങ്കാളിത്തം ഉറപ്പുവരുത്താറുണ്ട് വിവിധങ്ങളായ അക്കാദമിക പ്രവർത്തനങ്ങൾക്കും മറ്റു പരിപാടികൾക്കും കുട്ടികൾക്ക് പൂർണപിന്തുണയുമായി അധ്യാപകരും ഒപ്പം ഉണ്ട്.

ഒരു പൊതു വിദ്യാലയം അതിൻറെ പൂർണ്ണതയിൽ എത്തുന്നത് അധ്യാപകരും കുട്ടികളും രക്ഷിതാക്കളും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുമ്പോൾ മാത്രമാണ് .പിടിഎ പ്രസിഡൻറ് ശ്രീ എം വിജയകുമാർ, എസ് എം ഡി സി ചെയർമാൻ ശ്രീ വൈ കെ റസാഖ് , എം പി ടി എ പ്രസിഡൻറ് ശ്രീമതി രേഷ്മ പിടിഎ വൈസ് പ്രസിഡൻറ് ശ്രീ രാജേഷ് ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സ്കൂൾ വികസന സമിതി അംഗവുമായ ശ്രീ പി വിജയകുമാർ എന്നിവരുടെ നേതൃത്വത്തിൽ മുന്നോട്ടുപോകുന്ന സ്കൂൾ വികസന സമിതിയും അധ്യാപക രക്ഷാകർതൃ കൂട്ടായ്മയും സ്കൂളിൻറെ സമഗ്ര വികസനം ലക്ഷ്യമാക്കി മുന്നോട്ടുപോകുന്നു

2023 -  2024

അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു........

# ബിൽഡേഴ്സ്

വീടും മനുഷ്യരും ഒരേ പോലെയാണ്
വീടും നിർമ്മിക്കുമ്പോൾ ആവീട് എങ്ങനേ
വേണം എന്ന് തീരുമാനിക്കുന്നത് നിർമ്മിക്കുന്ന
ആളുകളാണ് അതുപോലെതന്നെയാണ് മനുഷ്യനും
അയാളുടെ ജനനം മുതൽ മരണം വരെ
എങ്ങനെ ജീവിക്കണം എന്ന് അവരെ
നിർമ്മിച്ചവരാണ്തീരുമാനിക്കുന്നത്



## ഞാനും കൊച്ചുകറുമ്പനും



ഒന്നല്ല,രണ്ടല്ല,ആയിരം
കൊമ്പന്മാരെപ്പോലെ
ഒത്തൊരുമിച്ച് നിൽക്കുന്ന ആകാശമേ,
നിൻമടിയിലിരുന്ന് ആമ്പിളിയമ്മാവൻ
എന്നെ നോക്കി പുഞ്ചിരിക്കുമ്പോൾ,
എന്റെ മനസ്സിലെന്നെന്നും സന്തോഷം
കൊച്ചുകറുമ്പാ കൊച്ചുകറുമ്പാ
നിന്റെ ചേലിതാർക്കുമില്ലല്ലൊ
ആയിരം നക്ഷത്രക്കൂട്ടങ്ങൾ
ആയിരം നക്ഷത്രക്കൂട്ടങ്ങൾ ...........

ശ്രേയ സുരേഷ്
8th B

# ഞാൻ പുസ്തകം



എന്റെ ജീവിതത്തിന്റെ തുടക്കം
എന്റെ നിർമ്മാതാക്കളെ കുറിച്ചാണ്.
അതിനുശേഷം,
എന്റെ ജീവിതത്തിന്റെ ആമുഖം.
അതുകഴിഞ്ഞാൽ,
എന്റെ ഉദയം മുതൽ അസ്തമയം വരെ
പിന്നെ,
എന്റെ ജീവിതം
മറ്റുള്ളവരുടെ കൈയ്യിലാണ്

-ഐശ്വര്യ.എം
8th A

ജനിക്കാൻ 10 മാസവും
മരിക്കാൻ ഒരു നിമിഷവും മതി

ലുത്തവൈഫ കെ.പി
7th A

**ജീവിതം**





## പൂമ്പാറ്റ

സുന്ദരി പൂമ്പാറ്റ
എന്റെ കുഞ്ഞുപൂമ്പാറ്റ
വർണ്ണങ്ങളാൽ ഉടുപ്പിട്ട പൂമ്പാറ്റ

അനഘ
5 ബി



# സമുദ്രവും പൂമ്പാറ്റയും

പ്രപഞ്ചമാകുന്ന മഹാസമുദ്രത്തിൻ്റെ മീതെ പാറികളിക്കുന്ന ഒരു കൊച്ചുപൂമ്പാറ്റയാണ് നാം.സമുദ്രത്തിൻ്റെ അടിയിൽ എന്താണെന്നറിയാനോ അതിനുള്ളിൽ കയറിച്ചെല്ലാനോ പൂമ്പാറ്റ ശ്രമിക്കാറില്ല

അനുശ്രീ.എസ്
ജി.എച്ച്.എസ്അകലൂർ

# മരം



ഒരാൾ തലേദിസമേ ആ മരത്തോട് പോയി പറഞ്ഞു:
"മരമേ ഞാൻ നിന്നേ നാളെ മുറിക്കാൻ പോവുകയാണെന്ന്.”
പിറ്റേ ദിവസം അയാൾ അവിടെ പോയപ്പോൾ,ആ
മരത്തെ കാണാനില്ലായിരുന്നു.

അനുഗ്രഹ.കെ
8A

At the end of the summer,
I wait for the winter.
Warmth of the breeze,
Which I want to seize.
On the shore of the sea,
Sights I wish to see.
When the sun says goodbye,
Feels like lights are going to die.
Still stands the chance.,
To let the crabs dance.
The murmur of leaves ,
It's time to get home.




Niranjana R
10 A